പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2573 — 17.06.2019-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഭവനനിർമ്മാണ പദ്ധതികൾ

**ചോദ്യം**

ശ്രീ.അനൂപ് ജേക്കബ്

**മറുപടി**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ ഭവന നിർമ്മാണ/നവീകരണ പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | എ) | സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായി സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ ഹൗസിംഗ് പദ്ധതി, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി, എ.റ്റി.എസ്.പി ഭവന നിർമ്മാണ പദ്ധതി എന്നിവ പ്രകാരം സംസ്ഥാനത്തെ ഭവനരഹിതരും അർഹരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മുൻഗണനാക്രമത്തിൽ വീട് അനുവദിച്ച് വരുന്നു. കൂടാതെ ഗ്രാമവികസന വകുപ്പ് മുഖാന്തിരം പി.എം.എ.വൈ ഭവന പദ്ധതി പ്രകാരവും വീടുകൾ അനുവദിച്ച് വരുന്നു.<br><br>കൂടാതെ, പട്ടികവർഗ്ഗക്കാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പും, വിവിധ സർക്കാർ ഏജൻസികളും മുൻവർഷങ്ങളിൽ അനുവദിച്ച വീടുകളിൽ നിലവിലെ മാനദണ്ഡ പ്രകാരം പണി പൂർത്തീകരിച്ച് 6 വർഷം പൂർത്തിയായ ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, പൂർത്തീകരിക്കാത്ത വീടുകൾ വാസയോഗ്യമാം വിധം പൂർത്തീകരിക്കുന്നതിനും പരമാവധി ഒന്നരലക്ഷം രൂപ വരെ അനുവദിച്ച് വരുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ്, ഹഡ്കോ, വനബന്ധുകല്യാൺ യോജന എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം 6709 വീടുകൾ അനുവദിച്ചതിൽ 278 വീടുകളുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന വീട്ടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. കൂടാതെ മുൻ വർഷങ്ങളിൽ അനുവദിച്ചതും 31.03.2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12183 വീട്ടുകൾ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ച് നാളിതുവരെ 10267 വീട്ടുകൾ പൂർത്തീകരിച്ചു.<br><br>ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ലൈഫ് മിഷൻ പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം മുതൽ പുതിയ വീട് അനുവദിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ മുഖേന സർവ്വെ നടത്തുകയും പട്ടികവർഗ്ഗക്കാരായ 6025 ഗുണഭോക്താക്കൾ ടി സർവ്വെയിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. ടിയാളുകൾക്ക് ലൈഫ് മിഷൻ മുഖേന വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ വീടില്ലാത്ത മുഴുവൻ പട്ടികവർഗ്ഗക്കാരെയും ലൈഫ് മിഷൻ സർവ്വേയിൽ ഉൾപ്പെടുത്തുന്നതിനായി നാലാം ഉപസമിതിയിൽ പട്ടികവർഗ്ഗക്കാർക്കായിട്ടുള്ള തീരുമാനങ്ങൾ സർക്കാർ ഉത്തരവായി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ചു വരുന്നു. |
| ബി) | കാലപ്പഴക്കം കൊണ്ടും പ്രകൃതിക്ഷോഭം മൂലവും മറ്റുകാരണങ്ങൾ കൊണ്ടും തകർച്ചയിലായ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഇരട്ട വീട്ടുകൾ ഒറ്റ വീടായി പുനർനിർമ്മിക്കുന്നതിന് സർക്കാർപദ്ധതികൾ/ധനസഹായ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ അറിയിക്കുമോ? | ബി) | പട്ടികവർഗ്ഗ മേഖലകളിലെ മുഴുവൻ വീട്ടുകളും ഒറ്റ വീടായിട്ടാണ് നിർമ്മിക്കുന്നത്. പ്രകൃതിക്ഷോഭം മൂലവും മറ്റുകാരണങ്ങൾ കൊണ്ടും തകർച്ചയിലാകുന്ന പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങൾ പുനർനിർമ്മാണത്തിനായി വകുപ്പു മുഖേനയും, ദുരന്തനിവാരണ വകുപ്പ് മുഖേനയും ധനസഹായം നൽകിവരുന്നുണ്ട്. |

Hari

**സെക്ഷൻ ഓഫീസർ**